**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3280** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർസെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ എത്ര അധ്യാപക തസ്തികകൾ ഒഴിവുണ്ടെന്ന് വിശദമാക്കുമോ; ഏതെല്ലാം വിഷയത്തിലാണ് ഒഴിവുകളുള്ളതെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഹയർ സെക്കന്ററി വിഭാഗത്തിൽ തസ്തിക നിർണയ നടപടികൾ നടന്നുവരികയാണ്.ആയതു പൂർത്തിയായാൽ മാത്രമേ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാൻ കഴിയു. |
| (ബി) | ടി തസ്തികകളിൽ പി.എസ്.സി. നിയമനത്തിന് നിലവിൽ ഏതെല്ലാം റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്നും ഈ റാങ്ക് ലിസ്റ്റുകൾ എന്ന് നിലവിൽ വന്നതാണെന്നും അതിന്റെ കാലാവധി എത്രയാണെന്നും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനം നടത്തിയെന്നും വിഷയം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | **വിവരം ശേഖരിച്ചു വരുന്നു.** |
| (സി) | ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലേക്ക് 2:1 എന്ന അനുപാതത്തിൽ ഹൈസ്കൂൾ എച്ച്.എം / വൈസ് പ്രിൻസിപ്പൽ പ്രമോഷൻ നിയമനം പുന:പരിശോധിക്കുന്നതിന് കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ നിന്നും ഏതെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും അതിൻമേൽ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ; | (സി) | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് 2:1 അനുപാതത്തിൽ എച്ച്.എസ്.എസ്.ടി., എച്ച്.എം/എ.ഇ.ഒ. മാർക്ക് നിയമനം നല്കുന്നത് പുനഃപരിശോധിക്കുന്നതിനായി ബഹു. കേരള ഹൈക്കോടതിയിൽ നിന്നോ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നോ ഉത്തരവുകളോ നിർദ്ദേശങ്ങളോ ലഭ്യമായതായി കാണുന്നില്ല. |
| (ഡി) | ഹയർ സെക്കണ്ടറിയിൽ 2024-25 അക്കാദമിക വർഷം തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അധിക തസ്തികകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) | തസ്തിക നിർണയവുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചുവരുന്നു. |
| (ഇ) | ഹയർ സെക്കണ്ടറി അധ്യാപക നിയമനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഒഴിവുകൾ ഉണ്ടാകുന്ന മുറക്ക് ആയത് പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യുകയും ആയതിന് ലഭിക്കുന്ന നിയമന ശുപാർശയ്ക്ക് മൂന്നു മാസത്തിനകം നിയമന ഉത്തരവ് നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ